ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം നൽകിയ തൊഴിലില്ലായ്മ വേതനം

*89 [91] ശ്രീ. കെ.പി. രാമൻ:
,, കെ.പി.എ. മജീദ്:
,, ഇ.ടി. മുഹമ്മദ് ബഷീർ:
,, പി.കെ. കുഞ്ഞാലിക്കുട്ടി:
,, കൊരമ്പയിൽ അഹമ്മദ് ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം തൊഴിലില്ലായ്മ വേതനമായി എത്ര രൂപ നൽകി; എത്ര പേർക്ക്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) അനർഹമായ വ്യക്തികൾക്കു തൊഴിലില്ലായ്മ വേതനം നൽകിയ വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതു തിരിച്ചുപിടിക്കാൻ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 25,10,63,542.75 രൂപ (ഇരുപത്തി അഞ്ചു കോടി പത്തു ലക്ഷത്തി അറുപത്തി മൂവായിരത്തി അഞ്ഞൂററി നാൽപ്പത്തി രണ്ടു രൂപ എഴുപത്തി അഞ്ചു പൈസ) 1,79,146 (ഒരു ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി നൂററി നാൽപ്പത്തി ആറ്) പേർക്കു തൊഴിലില്ലായ്മാവേതനമായി നൽകി.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു. *

(സി) ഉണ്ട്.

(ഡി) 12-11-1982ലെ സർക്കാർ ഉത്തരവ് (പി)40/82/തൊഴിൽ അനുസരിച്ച് അനധികൃതമായി വാങ്ങിയ തൊഴിലില്ലായ്മ വേതനം തിരിച്ചുപിടിക്കുകയും അവരുടെ രജിസ്ട്രേഷൻ റദ്ദു ചെയ്യുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ ചെത്തുതൊഴിലാളികളുടെ കൂലി ഘടന പരിഷ്കരണം

*90 [92] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ:
,, കെ.പി. പ്രഭാകരൻ:
,, കെ.ഇ. ഇസ്മയിൽ:
,, കെ. ടി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെത്തുതൊഴിലാളികളുടെ കൂലിഘടന പരിഷ്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

* അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് ഗവൺമെൻറ് ബന്ധപ്പെട്ട കക്ഷികളുമായി പലവട്ടം ചർച്ചകൾ നടത്തുകയുണ്ടായി.

കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ

*91 [93] ശ്രീ. വി. കെ. രാജൻ:
,, കെ. ടി. കുമാരൻ:
,, പി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. പി. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യുടെ കീഴിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ഷെഡ്യൂളുകൾ എത്ര;

(ബി) 1985–87 ൽ ഈ ഷെഡ്യൂളുകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) 3102.

(ബി) ഉണ്ട്.

(സി) ബസ്സുകളുടെയും സ്റ്റാഫിന്റെയും ഉപയോഗം (Utilisation) വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ മാനദണ്ഡം.

തൊഴിൽരഹിത കുടുംബങ്ങൾ

*92 [94] ശ്രീ. എം. എം. ഹസ്സൻ
,, കെ. കെ. തോമസ്:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, കെ. കെ. ശ്രീനിവാസൻ:
,, പന്തളം സുധാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 ഏപ്രിലിൽ നടന്ന ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം എത്ര തൊഴിൽരഹിത കുടുംബങ്ങൾ സംസ്ഥാനത്തുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly